


# ഹിജ്റ അവസാനിക്കുന്നില്ല

**'ഹിജ്റയുടെ പൊരുൾ'** എന്ന പി.പി. അബ്ദുർറഹ്മാൻ പെരിങ്ങാടിയുടെ ലേഖനം, ഹിജ്റയുമായി ബന്ധപ്പെട്ട് മുഹമ്മദ് നബി(സ)യെ അഭിസംബോധന ചെയ്തുകൊണ്ടുള്ള സൂക്തം ഉൾപ്പെട്ട *ഖുർആൻ ബോധനം*, 'ഹാജി സാഹിബ് മുഴക്കിയ അല്ലാഹു അക്ബർ' എന്ന തലക്കെട്ടിൽ ടി.കെ കുഞ്ഞഹ്മദ് മൗലവിയുടെ ഓർമക്കുറിപ്പുകൾ മൂന്നും ഒരേ ചരടിൽ (ലക്കം 31) കോർത്തിണക്കപ്പെട്ട് വന്നത് ഹൃദ്യമായ വായനാനുഭവമായി.

'ഹിജ്റ ഒളിച്ചോട്ടമോ പലായനമോ അല്ല. അതൊരു മഹാത്യാഗമാണ്. വികാസത്തിനും വ്യാപനത്തിനുമുള്ള പറിച്ചു നടലാണ്. ഹിജ്റ പലപ്പോഴും ആവശ്യമായി വരും. അത് പല വിതാനത്തിലും പല രീതിയിലുമാവാം' എന്ന വിലയിരുത്തലിനെ ടി.കെ. കുഞ്ഞഹ്മദ് മൗലവിയുടെ ഓർമക്കുറിപ്പുകൾക്കിടയിൽ ഒരു തിലകക്കുറി പോലെ തെളിഞ്ഞു നിന്ന 'നാടുവിടലി'നോട് തട്ടിച്ചു നോക്കാൻ നടത്തിയ എളിയ ശ്രമമാണ് ഈ കുറിപ്പ്.

യാഥാസ്ഥിതിക വിഭാഗത്തിന്റെ എതിർപ്പുകളുടെയും ഭീഷണിയുടെയും പരിഹാസത്തിന്റെയും പീഡനങ്ങളുടെയും നടുവിൽ നിന്ന് താൽക്കാലികമായി മാറി നിൽക്കാം എന്ന ചിന്തയിൽ നിന്നാണ് ടി.കെ.കെയുടെ നന്മണ്ടയാത്ര. പ്രതികൂല ചുറ്റുപാടിൽ ആദർശ-ചിന്താ-പ്രവർത്തന സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ത്യാഗനിർഭരവും ധീരവുമായ ഒരു പറിച്ചു നടൽ തന്നെയായിരുന്നു ടി.കെയുടെ ആ പലായനം. ഈ തീരുമാനം നന്മണ്ടയിലെയും, പിൽക്കാലത്ത് ശിവപുരത്തെ തന്നെയും പ്രസ്ഥാനത്തിന്റെ വളർച്ചക്കും വ്യാപനത്തിനും നിമിത്തമായത് കേവലം യാദൃഛികമായിരുന്നില്ലെന്നും സർവശക്തനും സർവജ്ഞനുമായ അല്ലാഹുവിന്റെ നടപടി ക്രമങ്ങളുടെ ഭാഗമായിരുന്നെന്നും ഇതേ ലക്കം *ഖുർആൻബോധന*ത്തിലെ സൂറഃ *അൽഅൻഫാൽ* 30-ാം വചനം സത്യപ്പെടുത്തുന്നുണ്ട്.

'നിന്നെ തടവിലിടുകയോ കൊന്നുകളയുകയോ നാടുകടത്തുകയോ ചെയ്യുന്നതിനു വേണ്ടി ധർമവിരോധികൾ തന്ത്രങ്ങളാസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നതും ഓർക്കുക. അവർ സ്വന്തം തന്ത്രങ്ങൾ പ്രവർത്തിക്കുന്നു. അല്ലാഹു അവന്റെ തന്ത്രങ്ങളും പ്രവർത്തിക്കുന്നു. തന്ത്രശാലികളിലേറ്റം തന്ത്രശാലി അല്ലാഹുവാകുന്നു.'

അല്ലാഹു അവന്റെ തന്ത്രങ്ങൾ വിജയിപ്പിച്ചുകൊണ്ടിരിക്കുന്നതിന്റെ ഉത്തമോദാഹരണമാണ് ടി.കെ.കെയുടെ ഓർമക്കുറിപ്പുകളിൽ പച്ചപിടിച്ചു നിൽക്കുന്ന ശിവപുരവും നന്മണ്ടയും പരിസര പ്രദേശങ്ങളും. ത്യാഗപൂർണവും പരിക്ഷീണവുമായ ആദ്യഘട്ടത്തിൽ സ്വന്തം നാട്ടിൽ പാകാൻ കഴിയാതെപോയ ആദർശവിത്തിന് വളരാൻ നന്മണ്ട നല്ലവളക്കൂറുള്ള മണ്ണായി ടി.കെ.കെ കാണുന്നു. നന്മണ്ട കേന്ദ്രീകരിച്ച് നടത്തിയ പ്രവർത്തനങ്ങൾക്ക് വേഗത്തിൽ ഫലമുണ്ടാകുന്നു, മദ്റസയുണ്ടാകുന്നു, പ്രവർത്തകരുണ്ടാകുന്നു, പരിസരങ്ങളിലും ഇതിന്റെ അലയൊലികളുണ്ടാകുന്നു. ദൈവമാർഗത്തിലെ പലായനമെന്ന അതിമഹത്തായ ത്യാഗപരിശ്രമത്തിന് അല്ലാഹുവിന്റെ ഭാഗത്തുനിന്നുണ്ടായ 'നന്ദി പ്രകടനം'(സൽഫലങ്ങൾ) നന്മണ്ടയിലും ചുറ്റുപാടിലുമെന്നപോലെ, തനിക്ക് സ്ഥൈര്യവും സമാധാനവും നിഷേധിച്ച ജന്മനാട്ടിലും കൺകുളിർക്കെ കണ്ട് പുളകമണിയാൻ അദ്ദേഹത്തിന് അധികകാലം വേണ്ടി വന്നി

# ഇരകളാക്കപ്പെടുന്ന ബാല്യങ്ങൾ

**ബാല്യ** കൗമാരങ്ങളെ നന്മയിലേക്കും അതുവഴി സൽപന്ഥാവിലേക്കും നയിക്കേണ്ടത് മുതിർന്നവരുടെ കടമയാണ്.

രക്ഷിതാവ് സന്മാർഗചാരിയും തന്റെ മക്കൾ, തന്റെ കാല്പാടുകൾ പിന്തുടരണമെന്ന് ആത്മാർഥമായി ആഗ്രഹിക്കുന്നവനുമാണെങ്കിൽ കൗമാര കേരളം ഇത്രയും വലിയ ഗർത്തത്തിലേക്ക് വീഴുമായിരുന്നില്ല.

ബാല്യത്തെ പിടിക്കലാണ് ആഗോളഭീകരന്റെ ആദ്യ ലക്ഷ്യം!.

'ചെറുപ്പകാലങ്ങളിലുള്ള ശീലം....' കവി ബാല്യത്തിൽ നന്മ ചെയ്യാൻ പറയുമ്പോൾ, ആഗോളീകരണ ഭൂതം ബാല്യത്തെ ലഹരി ശീലിപ്പിച്ച് വരുന്നു! റോജാ പാക്കിൽ തുടക്കം, 'കുത്തിവെപ്പിൽ' ഒടുക്കം! ഭാവി തലമുറയെ മസ്തിഷ്ക പ്രക്ഷാളനം നടത്തി ഷണ്ഡീകരിച്ച് പ്രതികരണ ശേഷിയറ്റവരാക്കുകയെന്നത് സാമ്രാജ്യത്വ പൗരോഹിത്യ ലക്ഷ്യമാണ്.

പ്രവാചകൻ പറഞ്ഞു: 'എല്ലാ സമുദായങ്ങൾക്കും ഓരോ പരീക്ഷണം നേരിടേണ്ടി വന്നിട്ടുണ്ട്. എന്റെ സമുദായം പരീക്ഷിക്കപ്പെടുക സമ്പത്തുകൊണ്ടാണ്.' ഈ പരീക്ഷണത്തിന് 'ഭാഗ്യം' ലഭിച്ച നിഷ്കളങ്ക ബാല്യങ്ങളെ സാമ്രാജ്യത്വത്തിനു ഇരകളായി എറിഞ്ഞുകൊടുത്താൽ, ലോകനാഥനുമുമ്പിൽ ഉത്തരം പറയേണ്ടി വരുമെന്ന് തീർച്ച. ഇരകളായ ബാല്യങ്ങൾ മാതാപിതാക്കൾക്കു നേരെ വിരൽ ചൂണ്ടുമെന്നതും ഉറപ്പ്.

**അലവി വീരമംഗലം**

ല്ല. ഒടുവിൽ ശിവപുരത്തും പ്രസ്ഥാനം വേരുറക്കുന്നു, വളരുന്നു, പള്ളിയുണ്ടാകുന്നു, പ്രവർത്തകരുണ്ടാകുന്നു, ഉന്നത കലാലയവും അനുബന്ധ സ്ഥാപനങ്ങളുമുണ്ടാകുന്നു, ശിഷ്യസമ്പത്തുണ്ടാകുന്നു. പ്രസ്ഥാന രംഗത്ത് നിറഞ്ഞുനിൽക്കുന്ന എം.കെ മുഹമ്മദലി, എം.എം മുഹ്‌യുദ്ദീൻ തുടങ്ങിയ നേതാക്കളും വാഗ്മികളും ശിവപുരം ഇസ്‌ലാമിയാ കോളേജിന്റെ സന്തതികളാണെന്ന ടി.കെ.കെയുടെ ഓർമപ്പെടുത്തലിൽ തുളുമ്പിനിൽക്കുന്നതത്രയും ആഹ്ലാദവും അഭിമാനവും! ശത്രുത കാട്ടിയ ആ നാട് ഒടുവിൽ ടി.കെ.കെയുടേതായി മാറുന്നു. പരിഹസിക്കുകയും പീഡിപ്പിക്കുകയും ചെയ്തവർ കാലക്രമേണ അദ്ദേഹത്തെ അംഗീകരിക്കാനും ആദരിക്കാനും തയാറാകുന്നു.

ടി.കെ.കെ *പ്രബോധനം* വായനക്കാരുമായി പങ്കുവെച്ചുകൊണ്ടിരുന്ന വിഷയം 'ഹിജ്റ' യായിരുന്നില്ല, മറിച്ച്, ഒരേ സമയം നൊമ്പരവും സംതൃപ്തിയും സന്തോഷവും നിറഞ്ഞ ജീവിതാനുഭവങ്ങളായിരുന്നു. ആത്മമിത്രവുമൊത്ത് മദീനയിലേക്കുള്ള പ്രവാചകന്റെ ഹിജ്റയോട്, തന്റെ ഒരു കൂട്ടുകാരനുമൊത്തുള്ള നന്മണ്ടയാത്രയെ ആരെങ്കിലും തുലനം ചെയ്തുകളയുമോ എന്നു പോലും വിനയാന്വിതനായ ടി.കെ.കെ പ്രതീക്ഷിച്ചു കാണില്ല. ആദർശത്തിന്റെ പേരിൽ കല്ലും മുള്ളും കാടും താണ്ടി, കൈയിൽ ടോർച്ചുമായി, റമദാൻ നോമ്പും നോറ്റുള്ള അത്യന്തം പ്രയാസം നിറഞ്ഞ ആ പദയാത്ര ചെറുതെങ്കിലും അത്യുദാത്തമായൊരു ഹിജ്റയല്ലെങ്കിൽ മറ്റെന്താണ്? ഹിജ്റ അവസാനിക്കുന്നില്ലെന്നും ചെറുതോ വലുതോ ആയി അത് എക്കാലവും ആവർത്തിച്ചുകൊണ്ടേയിരിക്കുമെന്നും ഇത്തരം പലായനാനുഭവങ്ങൾ പറഞ്ഞു തരുന്നു.

ആയുസ്സും ആരോഗ്യവും അറിവും കൊണ്ട് സമ്പന്നരായ ടി.കെ.കെയെപോലുള്ള ആദ്യകാല പ്രസ്ഥാന പ്രവർത്തകരുടെ ത്യാഗസുരഭിലമായ ജീവിതാനുഭവങ്ങളുടെ നഖചിത്രങ്ങളാണ് കഴിഞ്ഞ കുറേ ലക്കങ്ങളിലായി *പ്രബോധനം* വരച്ചുകാട്ടിക്കൊണ്ടിരിക്കുന്നത്. ഈ മഹൽ ദൗത്യത്തെ എത്ര പ്രകീർത്തിച്ചാലും അധികമാവില്ല. വിശേഷിച്ചും, പ്രസ്ഥാനത്തിലെ ഇളം തലമുറക്ക് ഇത് വെളിച്ചമാണ്, വഴികാട്ടിയാണ്, ആവേശദായകമാണ്. കറകളഞ്ഞ തഖ്‌വയും ഇഛാശക്തിയും പ്രവർത്തന വാഞ്ഛയും ക്ഷമയും ത്യാഗവും കൊണ്ടേ നവോത്ഥാനപ്രവർത്തനങ്ങൾ എവിടെയും വിജയിപ്പിച്ചെടുക്കാൻ കഴിയൂ എന്ന സന്ദേശമാണ് മഹാന്മാരായ മുൻഗാമികളുടെ ചരിത്രങ്ങളിലൂടെ എന്നപോലെ ജീവിച്ചിരിക്കുന്ന ആദ്യകാല പ്രസ്ഥാന പ്രവർത്തകരും നായകരും തങ്ങളുടെ അനുഭവങ്ങളിലൂടെയും പകർന്നു തരുന്നത്.

**അബൂഹസന കുന്ദമംഗലം**

## കാമ്പസുകളിലെ ഗ്വാണ്ടനാമോകൾ

**സി. ദാവൂദിന്റെ** 'ഗ്വാണ്ടനാമോകൾ പലവിധം' (ലക്കം 32) എന്ന ലേഖനം, നമ്മുടെ സമൂഹം ഇന്നും ഗൗരവമായി കാണാത്ത ഒരു സാമൂഹിക പ്രശ്നത്തിലേക്കുള്ള ചൂണ്ടുപലകയാണ്. കേരളത്തിലെ കാമ്പസുകളിൽ ഒരു കാലത്ത് വിദ്യാർഥി പക്ഷത്ത് നിന്നുകൊണ്ട് അവകാശപോരാട്ടങ്ങൾക്കും സർഗാത്മക മുന്നേറ്റങ്ങൾക്കും നേതൃത്വം നൽകിയ എസ്.എഫ്.ഐ, ഇന്ന് അധികാരം നിലനിർത്തണമെങ്കിൽ സ്റ്റാലിനിസമാണ് ഏറ്റവും നല്ല പോംവഴിയെന്ന മിഥ്യാധാരണയിൽ അകപ്പെട്ടിരിക്കുകയാണ്. കോഴ്സ് കഴിഞ്ഞിറങ്ങിയ കുട്ടിനേതാക്കളെ കോളേജ് ഹോസ്റ്റലുകളിൽ ക്യാമ്പ് ചെയ്യിച്ച്, തികഞ്ഞ ജാഗ്രതയോടെയും ആസൂത്രണത്തോടെയും നടന്നു വരുന്ന എസ്.എഫ്.ഐ രാജ് നമ്മുടെ സാംസ്കാരിക ജിഹ്വകൾക്കൊന്നും വിപണിമൂല്യമുള്ള വിഷയമാകുന്നില്ല. നമ്മുടെ രക്ഷിതാക്കളും ജുഡീഷ്യറിയുമൊക്കെ അരാഷ്ട്രീയ വാദത്തിലേക്ക് വഴിമാറുന്നത് തന്നെ 'രാഷ്ട്രീയവത്കരിക്കപ്പെട്ട വിദ്യാർഥിരാഷ്ട്രീയം' കണ്ട് മടുത്തിട്ടാണ്.

ആഗോള അവകാശ ധ്വംസനത്തിനെതിരെ കാമ്പസുകളിലുയരുന്ന ശബ്ദം പോലും കേൾക്കാൻ സഹിഷ്ണുതയില്ലാതെ മസിൽ പവർകൊണ്ട് നേരിടുകയാണ് എസ്.എഫ്.ഐ. നേതാക്കളുടെ മൗനാനുവാദത്തോടും ഒരു പക്ഷേ ആഹ്വാനത്തോടും കൂടി തന്നെയാവാം ഈ അടിച്ചമർത്തൽ. കാസർകോട് എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളേജ് പോലുള്ളിടങ്ങളിൽ ഒരു പോസ്റ്റർ പതിക്കാൻ പോലും ജൂനിയർ വിദ്യാർഥികൾക്ക് സ്വാതന്ത്ര്യമില്ല. അങ്ങനെ ചെയ്താൽ അവനെ ഒറ്റപ്പെടുത്തും. കാമ്പസിൽ മൂല്യങ്ങൾക്കും ധാർമികതക്കും വേണ്ടി ഏതറ്റം വരെയും പോകുമെന്ന് നേതാക്കൾ പ്രസ്താവനകളിറക്കുമ്പോൾ തന്നെയാണ് ഇക്കൂട്ടരുടെ നേതൃത്വത്തിലുള്ള കോളേജ് യൂനിയനുകൾ ഡാൻസ്ഫെസ്റ്റും മ്യൂസിക്നൈറ്റുമൊക്കെ സംഘടിപ്പിക്കുന്നത്.

**ഷംസീർ ഇബ്റാഹീം**
**മുഴപ്പിലങ്ങാട്**

## ഇങ്ങനെ വിളിച്ചു പറയരുത്

**പെരുകിക്കൊണ്ടിരിക്കുന്ന** കുറ്റകൃത്യങ്ങളെക്കുറിച്ച്, പ്രത്യേകിച്ചും വിദ്യാഭ്യാസ കാലഘട്ടത്തിലെ വഴിവിട്ട ജീവിത രീതിയെപ്പറ്റിയും മറ്റും ശതമാനക്കണക്കുകൾ ഉദ്ധരിച്ച് പരസ്യപ്പെടുത്തുന്നത് ശരിയാണെന്ന് തോന്നുന്നില്ല. മനുഷ്യനിൽ കുറച്ചെങ്കിലും ബാക്കിയുള്ള ലജ്ജാബോധവും നഷ്ടപ്പെടുന്നതിന് ഇതു കാരണമാകും. നാട്ടിൽ ഇത്രയൊക്കെ സംഭവിക്കുന്നു, അപ്പോൾ ഞാൻ ചെയ്യുന്നതൊക്കെ എത്ര നിസ്സാരം എന്ന് യുവാക്കൾക്ക് തോന്നിപ്പോവാൻ സാധ്യതയുണ്ട്. അതുകൊണ്ടാണല്ലോ കുറ്റകൃത്യങ്ങൾ പരസ്യമായിപ്പോവാതിരിക്കാൻ ശ്രദ്ധിക്കുന്നത്.

കുറ്റകൃത്യങ്ങൾ ഈ വിധത്തിൽ പെരുകാൻ കാരണം ലജ്ജാബോധത്തിന്റെ അഭാവമാണ്. ചാനലുകളും മാധ്യമങ്ങളും മുതലാളിത്തത്തിന്റെ പങ്കുപറ്റുകാരായിനിന്ന് ജനങ്ങളെ വഞ്ചിക്കുകയാണ്. ലജ്ജാബോധം എടുത്തു കളയാനാണ് ഇവർ ഒളിഞ്ഞും തെളിഞ്ഞും ശ്രമിക്കുന്നത്. പ്രണയിക്കുന്നതും മറ്റും പുണ്യമുള്ള കർമമായി ഇവർ യുവതലമുറയെ തെറ്റിദ്ധരിപ്പിക്കുന്നു. ആണും പെണ്ണും പരസ്പരം തൊടുന്നതൊന്നും ഈ കാലഘട്ടത്തിൽ ഒരു പ്രശ്നമല്ലായിരിക്കുന്നു. 'ലജ്ജ ഈമാനിന്റെ പകുതിയാണ്' എന്നതുപോലുള്ള പ്രവാചക വചനങ്ങൾ മാത്രമേ യുവാക്കൾക്ക് രക്ഷാകവചം തീർക്കൂ. ലജ്ജയെക്കുറിച്ച് മറ്റേതൊരു പ്രത്യയശാസ്ത്രത്തിനാണ് മിണ്ടാട്ടമുള്ളത്?

**മുഹമ്മദ് അമീൻ ചൂനൂർ**